## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2185** 26.03.2013-ൽ മറുപടിയ്ക്ക്

### ചെക്ക്പോസ്റ്റുകൾ വഴിയുള്ള കള്ളക്കടത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എം.ചന്ദ്രൻ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകൾ വഴി വൻ തോതിലുള്ള കള്ളക്കടത്തും അതുവഴി നികുതിവെട്ടിപ്പും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | നിലവിലുള്ള സംവിധാനങ്ങൾ വഴി നികുതി വെട്ടിപ്പിനുള്ള പഴുതുകൾ അടയ്ക്കുവാൻ പരമാവധി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വാളയാർ, അമരവിള തുടങ്ങിയ പ്രധാന ചെക്ക്പോസ്റ്റുകൾവഴി കോഴി, മണൽ തുടങ്ങിയവ നികുതിവെട്ടിച്ച് കടത്തൽ വ്യാപകമായതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) | ചെക്ക്പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും പരിശോധനകൾ കർശനമാക്കിയും സ്ക്വാഡുകളുടെ പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ടും നികുതി വെട്ടിപ്പിനുള്ള പഴുതുകൾ അടയ്ക്കുവാൻ പരമാവധി കഴിഞ്ഞിട്ടുണ്ട്. കോഴികൊണ്ടുവരുന്ന വണ്ടികൾ ചെക്ക്പോസ്റ്റുകളിൽ നിർത്തി മുൻകൂർ നികുതി അടച്ചാണ് കടന്ന് പോകുന്നത്. എന്നാൽ ഇരുചക്രവാഹനങ്ങളിൽ, സർവ്വീസ് ബസുകളുടെ തൊട്ടു പിറകിലായും അതിവേഗത്തിലും, കോഴി കടത്തികൊണ്ടുപോകുന്ന വാഹനങ്ങളെ പിന്തുടരുന്നതിന് ഇന്റലിജൻസ് സ്ക്വാഡുകളും കൂടാതെ സർവ്വലെൻസ് സ്ക്വാഡുകളും നിരന്തരം പരിശോധന നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം ചെക്ക് പോസ്റ്റുകളിൽകൂടി ലോറികൾ വരുന്നത് ഒഴിവാക്കി സമാന്തര പാതകൾവഴി സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്നത് വർദ്ധിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (സി) | സ്ക്വാഡുകളുടെ പ്രവർത്തനം വളരെ വിപുലമാക്കിയിട്ടുണ്ട്. പ്രത്യേകിച്ച് ഉത്സവ സീസണുകളിൽ കൂടുതൽ സ്ക്വാഡുകൾ രൂപീകരിച്ച് ഏറ്റവും വ്യാപകമായി പരിശോധനകൾ നടത്തുകയും നികുതിവെട്ടിപ്പിനുള്ള പഴുതുകൾ ഇല്ലാതാക്കുന്നുമുണ്ട്. |
| (ഡി) | ചെക്ക്പോസ്റ്റുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടും ഇതുവഴിയുള്ള കള്ളക്കടത്ത് വർദ്ധിച്ചു വരുന്നത് തടയുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | (ഡി) | ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിക്കൊണ്ട് കള്ളക്കടത്തുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ചെക്ക്പോസ്റ്റുകൾക്ക് സമീപം വെയിംഗ് ബ്രിഡ്ജുകൾ ഇല്ലാത്തതുമൂലം സ്വകാര്യ വെയിംഗ് ബ്രിഡ്ജുകളെ ആശ്രയിക്കേണ്ടിവരുന്നു എന്നതും ഇത് വൻഅഴിമതിക്ക് വഴിവെയ്ക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ? | (ഇ) | അമരവിള ചെക്ക്പോസ്റ്റിലെ വെയ്ബ്രിഡ്ജ് ഒരു സ്വകാര്യ കമ്പനിയാണ് പ്രവർത്തിപ്പിച്ചുവരുന്നത്. എന്നാൽ പ്രസ്തുത വെയ്ബ്രിഡ്ജ് ടി കക്ഷിയിൽനിന്ന് മൊത്തമായി ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. പാലക്കാട് ജില്ലയിൽ പ്രധാനപ്പെട്ട എല്ലാ ചെക്ക്പോസ്റ്റുകളിലും വെയ്ബ്രിഡ്ജ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ